നം.കെ.എസ്.എ-കെ.ടി.എം.പി6/1961/18
തീയതി:12.11.2018

# കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2017-18

# സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2017 മുതൽ 30.09.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.07.2017 മുതൽ 30.09.2018 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ലഭ്യമായ മറുപടികൾ പരിഗണിച്ചതിനു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.10.2018 മുതൽ 24. 10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സുലത ഡി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിതാ ജി.നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി അമ്പിളി യു. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ലൂക്കോസ് കുര്യൻ | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ലിജി സലഞ്ച് രാജ് | 01.04.17- 31.3.18 |
| സെക്രട്ടറി | ശ്രീ.റ്റി.ജെ.രാജു | 01.04.17- 31.3.18 |

മറ്റു നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി രതിമണി | 01.04.17- 26.04.17 |
| | ശ്രീമതി സോണിയ വി.എസ്. | 27.04.17- 22.02.18 |
| | ശ്രീമതി തങ്കമണി എസ്. | 23.02.18- 16.03.18 |
| | ശ്രീമതി സോണിയ വി.എസ്. | 17.03.18- 31.03.18 |
| വി.ഇ.ഒ. കല്ലറ | ശ്രീ.പ്രവീൺകുമാർ എൽ. | 01.04.17- 27.07.17 |
| വി.ഇ.ഒ., തലയാഴം | ശ്രീമതി മേരി ബനീഞ്ഞ | 01.04.17- 31.3.18 |
| വി.ഇ.ഒ., തലയാഴം | ശ്രീ.റോമി കെ.ഡി. | 01.04.17- 31.3.18 |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി ഭാവന പി.യു. | 1.4.17- 05.10.17 |
| | ശ്രീ.പ്രദീപ് പി. | 07.10.17- 08.11.17 |
| | ശ്രീമതി അഞ്ജു മോഹൻ | 09.11.17- 05.01.18 |
| | ശ്രീമതി മായാദേവി പി.ആർ. | 06.01.18- 31.03.18 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.ബൽരാജ് | 01.04.17- 31.3.18 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി അഞ്ജന | 01.04.17- 31.3.18 |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി പ്രീതി | 01.04.17- 31.3.18 |
| കൃഷി ഓഫീസർ | ശ്രീ.അരുൺ കുമാർ പി.എ. | 01.04.17- 09.08.17 |
| | ശ്രീ.എം.എ.സിറാജ്ജുദ്ദിൻ | 10.08.17- 31.03.18 |
| വെറ്ററിനറി സർജൻ | ഡോ.ഒ.റ്റി.തങ്കച്ചൻ | 01.04.17- 31.3.18 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സുനിൽ എ.വി. | 01.04.17- 03.08.17 |
| | ഡോ.ധന്യാ രവി | 04.08.17- 31.3.18 |
| ഹെഡ്മിസ്ട്രസ്, പി.എസ്.എസ്.എസ്. ഗവൺമെന്റ് എൽ.പി.സ്കൂൾ, ഉല്ലല | ശ്രീമതി സി.ശ്യാമള | 1.4.17- 31.5.17 |
| | ശ്രീമതി ഡെലിൻ കെ.പി. | 1.6.17- 31.3.18 |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.സുഷാന്ത് | 01.04.17- 31.3.18 |

<u>ഉള്ളടക്കം</u>

| ഖണ്ഡിക നമ്പർ | വിഷയം |
|---|---|

| ഭാഗം 1-പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളുടെ അവലോകനം |
| ഭാഗം 2-വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | രസീതുകളുടെ സൂക്ഷിപ്പ് – ജാഗ്രത പുലർത്തണം |
| 2-2 | രസീതുബുക്കുകൾ സൂക്ഷിക്കുന്നതിൽ അലംഭാവം |
| 2-3 | രസീതുകൾ ക്രമപ്രകാരം ക്യാൻസൽ ചെയ്യുന്നില്ല |
| 2-4 | ക്രമവൽക്കരണം – ഫീസ് ഈടാക്കുന്നതിൽ കുറവ് |
| 2-5 | ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കണം |
| 2-6 | വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കൽ – കെട്ടിട ഉപയോഗം പരിശോധിക്കണം |
| 2-7 | കടമുറികൾ ഉപയോഗയോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കണം |
| 2-8 | ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |
| 2-9 | ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കണം |
| 2-10 | ഫിറ്റ്നെസ്സ് സാക്ഷ്യപത്രം ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| 3-1 | പൊതുടാപ്പുകളുടെ വെള്ളക്കരം – പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത |
| 3-2 | തെരുവുവിളക്ക് മെയിന്റനൻസ് – പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല |
| 3-3 | ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടാത്ത സാഹചര്യം പരിഗണിക്കാതെ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് ഓവർഹെഡ് ചാർജ്ജ് അധികനിരക്ക് നൽകി |
| 3-4 | സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കിയില്ല |
| 3-5 | പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് – നിർവ്വഹണ നടപടിക്രമങ്ങളിൽ അപാകതകൾ |
| 3-6 | മരുന്ന് ലഭ്യമായില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-7 | ആശ്രയ പദ്ധതി |
| 3-8 | നടപ്പാക്കിയിട്ടില്ലാത്ത പ്രവൃത്തികൾക്കുവേണ്ടി കൈമാറിയ തുകകൾ തിരികെ ഈടാക്കിയിട്ടില്ല |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2017-18 |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2017-18 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.03.2017 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 2,48,2027 | 1,00,86,594 | 76,04,567 | | +306.38 |
| വരവ് | 16,42,67,351 | 5,36,08,524 | | 11,06,58,827 | -67.36 |
| ആകെ | 16,67,49,378 | 6,36,95,118 | | 10,30,54,260 | -61.8 |
| ചെലവ് | 15,75,06,492 | 5,81,29,686 | | 9,93,76,806 | 63.09 |
| നീക്കിയിരിപ്പ് | 92,42,886 | 55,65,432 | | 36,77,454 | 39.78 |

ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം 60% ത്തിലധികമാണ്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിനുള്ള നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത് ഒരു വർഷത്തിനടയ്ക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ പ്രവൃത്തികൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് ആവശ്യമായതിനാൽ, സ്റ്റാന്റിംഗ് കമ്മിറ്റി അനുപൂരകവും പുതുക്കിയതും ആയ റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളതും 09.02.2018-ൽ അംഗീകാരവും വാങ്ങിയതായും കാണുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

31.05.2018- ൽ വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിച്ചു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2017-2018 വാർഷിക കണക്കുകളുടെ പരിശോധന സർട്ടിഫിക്കേഷനായി 11.06.18, 12.06.18 എന്നീ

തീയതികളിൽ നടത്തിയതിന്റെ അടിസ്ഥാനത്തിൽ ലെ കെ.എസ്.എ-കെ.ടി.എം.പി.6/1111/2018 തിയതി 22.06.2018 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് പട്ടിക, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള കണക്കുകളുടെ വിശകലനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,00,86,594 |
| വരവ് | 5,36,08,524 |
| ആകെ | 6,36,95,118 |
| ചെലവ് | 5,81,29,686 |
| നീക്കിയിരിപ്പ് | 55,65,432 |

## 1-5 ഫണ്ട് വിനിയോഗം

തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 0 | 1,43,66,000 | 1,43,66,000 | 1,23,64,112 | 20,01,888 | 86.06 |
| വികസനഫണ്ട് – എസ്.സി.പി. | | 52,97,762 | 52,97,762 | 45,10,289 | 7,87,473 | 85.31 |
| വികസനഫണ്ട് – ടി.എസ്.പി. | | 69,971 | 69,971 | 40,000 | 29,971 | 57.16 |
| സംരക്ഷണഗ്രാന്റ് – റോഡ് | | 52,83,000 | 52,83,000 | 52,54,091 | 28,909 | 99.45 |
| സംരക്ഷണഗ്രാന്റ്– നോൺറോഡ് | | 31,18,000 | 31,18,000 | 28,96,578 | 2,21,422 | 92.89 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 79,74,000 | 79,74,000 | 67,46,797 | 12,27,203 | 84.60 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | | 8,95,461 | 8,95,461 | 3,00,000 | 5,95,461 | 33.50 |

| | | | | | | |
|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് (സെൻട്രൽ) | | 24,57,825 | 24,57,825 | 23,92,952 | 64,873 | 97.36 |
| തൊഴിലുറപ്പ് പദ്ധതി (MGNREGS) | 4,877 | 3,82,01,128 | 3,82,05,555 | 3,82,04,272 | 1,283 | |
| ഐ.സി.ഡി.എസ്. (ICDS) | 4,29,613 | 5,50,270 | 9,79,883 | 4,90,034 | 4,89,849 | 50 |
| സാക്ഷരത ഫണ്ട് | 110 | 35,258 | 35,368 | 33,288 | 2,080 | 94.11 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി (TSC) | 5,00,831 | 0 | 5,00,831 | 1,47,157 | 3,53,674 | 0 |
| ശുചിത്വ മിഷൻ | 35,891 | 1,29,787 | 1,65,678 | 1,31,154 | 34,524 | 79.16 |
| സംയുക്ത പ്രോജക്ട് (Joint Venture) | 2,75,000 | 15,00,000 | 17,75,000 | 15,50,000 | 2,25,000 | 47.05 |
| നിർമ്മൽ പുരസ്കാർ | 0 | 2,50,000 | 2,50,000 | 0 | 2,50,000 | 0 |
| തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട്) | 69,64,917 | 5,24,98,839 | 5,94,63,756 | 5,16,16,524 | 7,84,732 | 86.80 |

## 1-6 പദ്ധതി അവലോകനം

### പദ്ധതി രൂപീകരണം

2017-18 വാർഷികപദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ജി.ഒ.(എം.എസ്)10/2017/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതിരൂപീകരണത്തിന്റെ തുടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ./29.3.2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്. 2017-18 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രഥമയോഗം 2017 മാർച്ച് മാസത്തിൽ ചേർന്നിട്ടുണ്ടെന്ന് യോഗമിനിറ്റ്സുകളിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും യോഗവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി മിനിറ്റ്സ് പൂർത്തീകരിച്ചിട്ടില്ല. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ വിവിധ വാർഡുകളിൽ 2017 ഏപ്രിൽ മാസത്തിലെ വിവിധ തീയതികളിൽ ചേരുകയുണ്ടായി. എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ വളരെ മെച്ചപ്പെട്ട ജനകീയ പങ്കാളിത്തമുണ്ടായിരുന്നുവെന്നും വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട്പദ്ധതി നിർദ്ദേശങ്ങൾ സമഗ്രമായി ചർച്ചകൾക്ക് വിധേയമാക്കിയിട്ടുണ്ടെന്നും ബന്ധപ്പെട്ട ഗ്രാമസഭാ മിനിറ്റ്സുകൾ പരിശോധിച്ചതിൽ ബോധ്യമായിട്ടുണ്ട്. വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് 29.4.17, 21.12.17 എന്നീ തീയതികളിൽ ഊരുകൂട്ട യോഗവും 28.4.17, 27.1.18 എന്നീ തീയതികളിൽ വികലാംഗ ഗ്രാമസഭയും നടക്കുകയുണ്ടായി. ഗ്രാമസഭകളിലെ പദ്ധതി നിർദ്ദേശങ്ങൾ 8.5.2017-ൽ കൂടിയ വികസനസെമിനാറിൽ വച്ച് വിശദമായ ചർച്ചകൾക്ക് വിധേയമാക്കി 2017-18 ലെ കരട് പദ്ധതികൾക്ക് രൂപം കൊടുക്കുകയും ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വികസനസെമിനാർ എന്നിവ അംഗീകരിച്ച പദ്ധതികൾക്ക്

ഭേദഗതികൾ ഉൾപ്പെടുത്തി 26.5.17ലെ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകി. (തീരുമാനം നം-I(1)).

പദ്ധതി അംഗീകാരം

വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 27.3.2018ലെ 490/18/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം നിർവ്വഹണാംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 5,89,38,490/-രൂപ വാർഷികപദ്ധതിക്കായി വകയിരുത്തിയിരുന്നു. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 144 പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

പദ്ധതി നിർവ്വഹണം

അംഗീകാരം കിട്ടിയ പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗീകമായോ നടപ്പാക്കിയ 110 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധ സ്രോതസ്സുകളിൽനിന്നായി ആകെ 5,89,38,490/- രൂപ വകയിരുത്തിയതിൽ 3,74,90,483/-രൂപയേ ചെലവഴിച്ചിട്ടുള്ളൂ. വാർഷികപദ്ധതിച്ചെലവ് 63.6% മാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

13-ാം പദ്ധതികളുടെ മാർഗ്ഗരേഖ അനുസരിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്ഥാപതലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗം അദ്ധ്യക്ഷനായി വിവിധ ഉപമേഖലകൾക്കായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കേണ്ടതും ബന്ധപ്പെട്ടവർ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവർത്തിക്കേണ്ടതുമാണ്. സ്റ്റാറ്റസ് റിപ്പോർട്ടും കരട് നിർദ്ദേശങ്ങൾ, പദ്ധതികളുടെ നിർദ്ദേശങ്ങളും തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക, പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ. ഓരോ വിഷയമേഖലയുടെയും കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ കൃത്യമായ ആസൂത്രണത്തിനും നടപ്പാക്കലിനും വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി യോഗം ചേരേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ യോഗം ചേരാതിരിക്കുന്നതും വർക്കിംഗ് ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും യോഗങ്ങളിൽ പങ്കെടുക്കാതിരിക്കുന്നതും പദ്ധതിരൂപീകരണ/നിർവ്വഹണപ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്.

മേൽനിരീക്ഷണച്ചുമതല ഫലപ്രദമായി നിറവേറ്റിയിട്ടില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഗ്രാപഞ്ചായത്തിന്റെ വാർഷികപദ്ധതിപ്രകാരം വിവിധ വികസനമേഖലകളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ നിർവ്വഹണം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ മേൽനിരീക്ഷണം നടത്തി മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും മിനിറ്റ്സ് രേഖകൾ പരിശോധിച്ചതിൽ വാർഷികപദ്ധതിയുടെ രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല എന്ന് കാണുന്നു. 2017-18 വർഷത്തെ വർക്കിഗ് ഗ്രൂപ്പുയോഗങ്ങളുടെ മിനിറ്റ്സ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ്/ മേഖല | ആകെ അംഗങ്ങൾ | യോഗം ചേർന്ന തീയതി/ക്വോറം | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| പൊതുഭരണവും ധനകാര്യവും | 13 | തീയതി രേഖപ്പെടുത്തിയിട്ടില്ല/ 5 പേർ | പങ്കെടുത്ത 5 പേരിൽ 4 പേർ മാത്രമേ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളൂ. പദ്ധതിനിർദ്ദേശങ്ങൾ വിശദമായചർച്ചകൾക്ക് |

| | | | |
|---|---|---|---|
| | | | വിധേയമാക്കിയിട്ടില്ല.<br>മിനിറ്റ്സ് ക്ലോസ് ചെയ്ത് ചെയർമാനും കൺവീനറും സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| | 13 | 24.2.18<br>5പേർ | ഹാജരായവരുടെ പേരും ഒപ്പും മാത്രമേ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. |
| | 13 | 9.3.18<br>2 പേർ | ഹാജരായ 2 പേർ ഒപ്പ് രേഖപ്പെടുത്തിയതല്ലാതെ മറ്റ് രേഖപ്പെടുത്തലുകളൊന്നും മിനിറ്റ്സിൽ ഇല്ല. |
| | 13 | 13.3.18 | ആരും ഹാജർ രേഖപ്പെടുത്തിയിട്ടില്ല. ടി തീയതിയിൽ യാതൊന്നും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| വിദ്യാഭ്യാസം, കല, സാംസ്കാരികം | 12 | ആദ്യ യോഗത്തിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>6 പേർ | യോഗതീരുമാനങ്ങളും ചർച്ചാവിഷയങ്ങളും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| | 12 | 8.5.17<br>2 പേർ | ഹാജരായവർ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ മറ്റ് കാര്യങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. |
| | 12 | 24.2.18<br>5 പേർ | 12 പദ്ധതിനിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. |
| കുടിവെള്ളം, ശുചിത്വം | 15 | ആദ്യയോഗത്തിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>12 പേർ | യോഗതീരുമാനങ്ങൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനിറ്റ്സ് ക്ലോസ്ചെയ്ത് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. |
| | 15 | 8.5.17<br>10 പേർ | യോഗവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| | 15 | 24.2.18<br>8 പേർ | കരട്നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും |

| | | | |
|---|---|---|---|
| | | | സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. |
| | 15 | 9.3.18<br>12 | ,, |
| പ്രാദേശിക സാമ്പത്തിക<br>വികസനം | 12 | 13.3.17<br>5 പേർ | 2017-18 വാർഷികപദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്തത് രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| | 12 | തീയതി രേഖപ്പെടുത്തിയിട്ടില്ല<br>6 പേർ | ഹാജരായവരുടെ പേരും ഒപ്പും മാത്രമേ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. |
| | 12 | 24.2.18<br>7 പേർ | കരട്പദ്ധതി നിർദ്ദേശങ്ങൾ ചർച്ചചെയ്ത് യോഗതീരുമാനങ്ങളും ചർച്ചാവിഷയങ്ങളും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിറ്റ്സ് ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| | 12 | തീയതി രേഖപ്പെടുത്തിയിട്ടില്ല<br>10 പേർ | പദ്ധതിനിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മിനിറ്റ്സ് ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. |
| പട്ടികജാതി പട്ടികവർഗ്ഗ<br>വികസനം | 19 | 3.3.17<br>13 പേർ | മുൻവർഷ പദ്ധതികളുടെ അവലോകനവും 2017-18 വർഷത്തെ കരട് പദ്ധതിനിർദ്ദേശങ്ങളും ചർച്ച ചെയ്തു. യോഗവിവരങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| | 19 | തീയതി രേഖപ്പെടുത്തിയിട്ടില്ല<br>13 പേർ | യോഗവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.<br>3.3.17 നശേഷം 17-18 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്തിട്ടില്ല.<br>2018-19 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട് ചേർന്നിട്ടുള്ള ആദ്യ യോഗം |

| | | | |
|---|---|---|---|
| | 19 | തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>9 പേർ | 2018-19 വാർഷികപദ്ധതിയുമായി ബന്ധപ്പെട്ട 2-ാമത്തെ യോഗവിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. |
| കൃഷി, മത്സ്യബന്ധനം, മണ്ണ്, ജലസംരക്ഷണം | 20 | തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>19 | യോഗവിവരങ്ങളൊന്നും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| | 20 | 8.5.17<br>19 പേർ | യോഗവിവരങ്ങളൊന്നും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| | 20 | 24.2.18<br>13 പേർ | കരട്പദ്ധതി നിർദ്ദേശങ്ങൾ നിർദ്ദേശങ്ങൾ വിശദമായി ചർച്ച ചെയ്ത് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. |
| | 20 | 9.3.18<br>20 | വികസനസെമിനാറിൽ വർക്കിംഗ് ഗ്രൂപ്പിന്റെ അധികപദ്ധതി നിർദ്ദേശങ്ങൾ വിശദമായി ചർച്ച ചെയ്ത് മിനിറ്റ്സിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| ദാരിദ്ര്യ ലഘൂകരണം | 12 | തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>8 പേർ | ദാരിദ്ര്യലഘൂകരണവുമായി ബന്ധപ്പെട്ട കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ചചെയ്തത് മിനിറ്റ്സിൽ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| | 12 | 8.5.17<br>13 പേർ | പങ്കെടുത്തവരുടെ പേരും ഒപ്പും അല്ലാതെ മറ്റ് വിവരങ്ങളൊന്നും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| | 12 | തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>8 | കരട് നിർദ്ദേശങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| | 12 | തീയതി രേഖപ്പെടുത്തിയിട്ടില്ല. | ചർച്ചാവിഷയങ്ങൾ മാത്രം ക്രമനമ്പരിട്ട് രേഖപ്പെടുത്തി ബന്ധപ്പെട്ടവർ |

| | | | |
|---|---|---|---|
| | | 13 പേർ | സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| പൊതുമരാമത്ത് | 12 | തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>9 പേർ | ചർച്ചാവിഷയങ്ങൾ, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. |
| | 12 | 8.5.17<br>13 | യോഗനിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. |
| | 12 | 24.2.18<br>25 പേർ | പങ്കെടുത്തവർ ഹാജർ രേഖപ്പെടുത്തിയിട്ടുള്ളതല്ലാതെ മറ്റ് വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല. |
| | 12 | 9.3.18<br>ആരും ഹാജർ രേഖപ്പെടുത്തിയിട്ടില്ല. | കരട്നിർദ്ദേശങ്ങൾ വിശദമായി ചർച്ചചെയ്തത് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെയർമാനും കൺവീനറും സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| മൃഗസംരക്ഷണം/ ക്ഷീരവികസനം | 10 | 13.3.17<br>8 പേർ | മിനിറ്റ്സിൽ ഹാജർ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. |
| | 10 | 8.5.17<br>10 പേർ | 17-18 വാർഷികപദ്ധതി സംബന്ധിച്ച് ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. |
| | 10 | 24.2.18<br>10 | 2018-19 വികസനസെമിനാർ എന്ന് തലക്കെട്ടോടുകൂടി 9 പദ്ധതിനിർദ്ദേശങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| വനിതാവികസനം | 14 | തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>12 പേർ | യോഗതീരുമാനങ്ങൾ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| | 14 | യോഗ തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>6 പേർ | പദ്ധതിനിർദ്ദേശങ്ങളും യോഗതീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | 14 | 9.3.18<br>9 പേർ | കരട്നിർദ്ദേശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ 23 അധികനിർദ്ദേശങ്ങൾ രേഖപ്പെടുത്തി മിനിറ്റ്സ് ക്ലോസ് ചെയ്ത് ആധികാരികമാക്കിയിട്ടുണ്ട്. |
| സാമൂഹ്യനീതി | 12 | യോഗതീയതി രേഖപ്പെടുത്തിയിട്ടില്ല<br>6 പേർ | ഭിന്നശേഷിയുള്ളവരെ ലക്ഷ്യമാക്കി വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾ വിശദമായി ചർച്ചചെയ്യുകയും മിനിറ്റ്സിൽ രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടുമുണ്ട്. |
| | 12 | 24.2.18<br>7പേർ | കരട്നിർദ്ദേശങ്ങൾ ചർച്ചചെയ്ത് മിനിറ്റ്സിൽ രേഖപ്പെടുത്തി ചെയർമാൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| | 12 | തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>11 പേർ | കരട്നിർദ്ദേശങ്ങൾ ചർച്ചചെയ്ത് മിനിറ്റ്സിൽ രേഖപ്പെടുത്തി ചെയർമാനും കൺവീനറും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. |
| ആരോഗ്യം | 13 | തീയതി രേഖപ്പെടുത്തിയിട്ടില്ല.<br>11 പേർ | ചർച്ചാവിഷയങ്ങളും തീരുമാനങ്ങളും ഇംഗ്ലീഷിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മിനിറ്റ്സ് ചെയർമാനും കൺവീനറും സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടില്ല. |
| | 13 | 8.5.17<br>10 പേർ | ചർച്ചാവിഷയങ്ങളും യോഗതീരുമാനങ്ങളും രേഖപ്പെടുത്തിയിട്ടില്ല. |
| | 13 | 24.2.18<br>8 പേർ | യോഗവിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാക്ഷ്യപ്പെടുത്തിയിട്ടില്ല ആധികാരികമാക്കിയിട്ടില്ല. |
| | 13 | 9.3.18<br>12 പേർ | ,, |

വാർഷികപദ്ധതി പ്രവർത്തനങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിയമാനുസൃതമുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതും യോഗനടപടികളുടെ മിനിറ്റ്സ് യഥാവിധി എഴുതി പൂർത്തീകരിച്ച് ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

ഗ്രാമസഭകളുടെ സംഘാടനം

2017-18 -ലെ വാർഷികപദ്ധതിയുടെ ഭാഗമായും അല്ലാതെയും സംഘടിപ്പിക്കപ്പെട്ട എല്ലാ ഗ്രാമസഭായോഗങ്ങളിലും ജനങ്ങളുടെ സജീവപങ്കാളിത്തം ഉണ്ടായിരുന്നു. ഓരോ വാർഡിലും നടപ്പാക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് നിർദ്ദേശങ്ങളും അതാത് ഗ്രാമസഭകളുടെ അധികനിർദ്ദേശങ്ങളും ചർച്ചചെയ്യുകയും യോഗതീരുമാനങ്ങൾ എഴുതി പൂർത്തിയാക്കി മിനിറ്റ്സ് ബുക്കുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുമുണ്ട്.

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

പൊതുഭരണം, നികുതി, നികുതി സംബന്ധമായ അപ്പീലുകൾ, ഓഡിറ്റ്, ബജറ്റ്, അക്കൗണ്ടിംഗ് ഒഴികെയുള്ള ധനകാര്യവിഷയങ്ങൾ (വാർഷിക ധനകാര്യപത്രിക) എന്നിവ കൈകാര്യം ചെയ്യുന്നതിൽ കമ്മിറ്റി ചുമതലകൾ നിറവേറ്റിയിട്ടുണ്ട്. എന്നാൽ വസ്തുനികുതി ഒഴികെയുള്ള മറ്റ് നികുതി/നികുതിയേതരവരവുകളുടെ കാര്യത്തിൽ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റിയിലെടുക്കുന്ന പല തീരുമാനങ്ങളും പഞ്ചായത്ത് കമ്മിറ്റിയിലവതരിപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിക്കാണുന്നില്ല.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

ഓഡിറ്റ് വർഷം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പത്ത് യോഗങ്ങൾ കൂടിയിട്ടുണ്ട്. വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നിവയെല്ലാം സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിയമപരമായി ചുമതലപ്പെട്ട വിഷയങ്ങളാണെങ്കിലും സ്റ്റാന്റിംഗ്കമ്മിറ്റി കമ്മിറ്റി യോഗങ്ങളിൽ വാർഷികപദ്ധതിയിലുൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ചുള്ള ചർച്ചകളല്ലാതെ മേൽവിഷയങ്ങളുമായി ബന്ധപ്പെട്ട സമഗ്രമായ ചർച്ചകളോ തീരുമാനങ്ങളോ ഉണ്ടായിട്ടില്ല. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന മേഖലകളിൽ നടപ്പാക്കിയ വികസനപദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുകയോ പദ്ധതി നിർവ്വഹണത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തതായി കാണുന്നില്ല.

ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2017-18 വർഷം വാർഷികപദ്ധതി സംബന്ധിച്ചും ഇതരവിഷയങ്ങളുമായി ബന്ധപ്പെട്ടും പത്തോളം യോഗങ്ങൾ കൂടിയിട്ടുണ്ട്. അജണ്ടാബുക്ക് പ്രകാരമുള്ള എല്ലാ വിഷയങ്ങളും സമഗ്രമായ ചർച്ചകൾക്ക് വിധേയമാക്കി തീരുമാനങ്ങളെടുത്തിട്ടുള്ളതായി കാണുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗവികസനം, സ്ത്രീകളുടെയും കുട്ടികളുടെയും വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷാപ്രവർത്തനം, ദാരിദ്ര്യനിർമ്മാർജ്ജനം, പൊതുവിതരണ സമ്പ്രദായം എന്നീ മേഖലകൾ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാപരിധിയിൽ വരുന്ന വിഷയങ്ങളാണ്. എന്നാൽ മിക്കവാറും മീറ്റിംഗുകളിലും വിവിധ സാമൂഹ്യസുരക്ഷാപെൻഷനുകൾക്ക് അർഹരായ ഗുണഭോക്താക്കളുടെയും അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിക്കപ്പെടുന്നവരുടെയും വിവരങ്ങൾ ചർച്ച ചെയ്തിട്ടുള്ളതായി മാത്രമാണ് മിനിറ്റ്സിലെ രേഖപ്പെടുത്തലുകളിൽനിന്നും വ്യക്തമാകുന്നത്. നിയമപ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുള്ള മറ്റെല്ലാ വിഷയങ്ങളിലും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷം 15 യോഗങ്ങൾ കൂടിയിട്ടുണ്ട്. പദ്ധതി മോണിറ്ററിംഗിന്റെ ഭാഗമായി പാലിയേറ്റീവ് കെയർപദ്ധതിയുടെ നടത്തിപ്പ് വിശകലനം ചെയ്യുകയും അർഹരായ കൂടുതൽ വ്യക്തികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ശുപാർശകൾ നൽകുകയും

ചെയ്തിട്ടുണ്ട്. പഞ്ചായത്ത് നടപ്പാക്കുന്ന മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയും ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ജനറൽകമ്മിറ്റിയോട് ശുപാർശചെയ്യുന്നതിനുള്ള തീരുമാനങ്ങളെടുത്തിട്ടുണ്ടെങ്കിലും അവ തുടർനടപടികൾക്കായി ജനറൽകമ്മിറ്റിയിലവതരിപ്പിച്ച് കാണുന്നില്ല. അങ്കണവാടികളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ 4 അങ്കണവാടികൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുകയും കുടിവെള്ള കണക്ഷനുവേണ്ടിയുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടായിട്ടുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്വീകരിക്കേണ്ടതും നടപ്പിൽ വരുത്തേണ്ടതുമായ കാര്യങ്ങൾ യോഗങ്ങളിൽ ചർച്ച ചെയ്ത് തീരുമാനങ്ങളെടുത്തിട്ടുണ്ടെങ്കിലും ആയത് ജനറൽകമ്മിറ്റിയിൽ അവതരിപ്പിച്ച് പ്രാവർത്തികമാക്കുന്ന കാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പുപദ്ധതി

ദേശീയഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ 2017-18 ലെ വരവുചെലവുകൾ ചുവടെ ചേർക്കുന്നു.

തൊഴിലുറപ്പുമായി പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ലേബർ ബജറ്റ് പ്രകാരം ആകെ 782 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 356 പ്രോജക്ടുകളിൽ 344 പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കി. തൻവർഷം 136065 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2245 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ജലസ്രോതസ്സുകളുടെ ആഴം കൂട്ടൽ പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം ഭൂവികസനപ്രവർത്തനങ്ങൾ, തരിശുനിലങ്ങൾ കൃഷിക്ക് ഒരുക്കൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന ഭവനനിർമ്മാണത്തിലെ അവിദഗ്ധ കായികതൊഴിൽഘടകം, വ്യക്തിഗത കക്കൂസ് നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയത്. തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം എസ്.ബി.ഐ. ഉല്ലല ശാഖയിലെ അക്കൗണ്ട് നം.30395386182 മുഖേനയാണ് നടത്തുന്നത്. 2017-18 വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 4,877 | 9,68,066 | 9,72,943 | 9,71,660 | 1,283 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 3,72,32,612 | 3,72,32,612 | 3,72,32,612 | 0 |
| | 4,877 | 3,82,00,678 | 3,82,05,555 | 3,82,04,272 | 1,283 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,55,760 | 265 |
| കർഷകതൊഴിലാളി പെൻഷൻ | 1,39,23,200 | 1214 |
| വിധവാപെൻഷൻ | 57,67,200 | 494 |
| വാർദ്ധക്യകാലപെൻഷൻ | 1,68,71,100 | 1424 |
| വികലാംഗപെൻഷൻ | 32,73,200 | 293 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 3,77,500 | 43 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,80,000 | 06 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.10.2018 തീയതിയിൽ 04.00 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43,310/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.
കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ഡേ ബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. സാംഖ്യ സ്റ്റേഷനറി, രസീതു ബുക്കുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി പരിപാലിയ്ക്കുന്നുണ്ട്. വിവിധ നികുതി/ഫീസിനങ്ങളുടെ ഡി.സി.ബി. രജിസ്റ്ററുകൾ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

സാംഖ്യ സോഫ്റ്റ്‌വെയറിൽ അധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സിസ്റ്റം ഗ്രാമ പഞ്ചായത്തിൽ ഉപയോഗിച്ചുവരുന്നു. വരവുകളും ചെലവുകളും കൃത്യമായ ശീർഷകത്തിൽ യഥാസമയത്ത് രേഖപ്പെടുത്തുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഇതിൽ ജീവനക്കാരുടെ പ്രതിദിന ഡ്യൂട്ടി വിവരം രേഖപ്പെടുത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പ് രേഖപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. അഡ്വാൻസ്, ഡെപ്പോസിറ്റ്, ലോൺ രജിസ്റ്ററുകളും കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിയ്ക്കുന്നുണ്ട്.

നിയതമായ ഓഫീസ് ഉത്തരവിലൂടെ ജീവനക്കാരുടെ ജോലികൾ നിർണ്ണയിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ വരവുചെലവുകളെ കൃത്യമായി മോണിട്ടർ ചെയ്യുന്നുണ്ട്.

തൃപ്തികരമായ ആഭ്യന്തരനിയന്ത്രണം നിലനില്ക്കുന്ന തദ്ദേശസ്ഥാപനങ്ങളിൽ ധനകാര്യ പത്രികകളുടെ കൃത്യത, പൂർണത, ഇടപാടുകളുടെ നിയമസാധുത, മിതവ്യയത്വം, കാര്യക്ഷമത, ഫലപ്രാപ്തി എന്നിവ ഉറപ്പാക്കാൻ സാധിക്കുന്ന എന്നതാണ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ആഭ്യന്തരനിയന്ത്രണത്തിന്റെ പ്രസക്തി.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ & തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.04.18 | 02/18 | പി.എ -5-5505/17/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.17 | 2012/13 മുതൽ 2016/17 വരെ | എൽ.ബി.എ (എച്ച്.ക്യൂ) II/8 ബി-1302/1718/266 dt.27.11.17 |

## 1-12 വാർഷികകണക്കുകളുടെ അവലോകനം

2017-18 വർഷത്തിലെ വാർഷികകണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. സർക്കാർ ഉത്തരവ് (എം.എസ്.)152/2011/ത.സ്വ.ഭ.വ തിയതി 26.02.2011 പ്രകാരം മുൻ വർഷങ്ങളിലെ ആസ്തികളുടെ മൂല്യം നിർണ്ണയിച്ച് ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. 31.03.2018-ലെ നീക്കിയിരിപ്പ് പ്രകാരം തനത് ഫണ്ട് അക്കൗണ്ടിൽ (എസ്.സി.ബി.) നിരവധി കാലഹരണപ്പെട്ട ചെക്കുകളുണ്ട് . ആയത് "Liability in respect of state cheque" എന്ന ശീർഷകത്തേക്ക് മാറ്റിയിട്ടില്ല.

3. VPF (old) അക്കൗണ്ടിൽ (നം.242) പ്രാരംഭ ബാക്കിയായും നീക്കിയിരിപ്പായും 2,22,132/- രൂപ ബുക്ക് ചെയ്തിട്ടുണ്ട്. ഇടപാടുകളില്ലാത്ത അക്കൗണ്ട് നാളിതുവരെ ക്ലോസ് ചെയ്തിട്ടില്ല.

4. നാളിതുവരെ ക്രമീകരിക്കാതെ ചുവടെ കൊടുത്തിരിക്കുന്ന അക്കൗണ്ടുകൾ B4 ഷെഡ്യൂളിൽ ബാധ്യതയായി ക്രമീകരിച്ചിരിക്കുന്നു.

| ക്രമ നം. | കോഡ് നം. | ഇനം | തുക |
|---|---|---|---|
| 1 | 320300103 | ടോട്ടൽ സാനിട്ടേഷൻ ജില്ലാ സുചിത്വമിഷനിൽ നിന്നു ലഭിച്ച തുക - ബാലൻസ് | 3,53,674 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് വിഹിതം എസ്.റ്റി. ഭവന പദ്ധതിക്ക് ലഭിച്ചത്- ബാലൻസ് | 2,25,000 |
| 3 | 320800101 | ഗുണഭോക്തൃ വിഹിതം c/o ചെയ്ത തുക | 5,31,362 |

5. വസ്തു നികുതിയിനത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡി.സി.ബി. തുകകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.

6. തൻ വർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻ വർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7. തൊഴിലുറപ്പ് പദ്ധതിയുടെ രജിസ്റ്റർ പ്രകാരമുള്ള വരവുചെലവ് കണക്കുകൾ വാർഷിക ധനകാര്യപത്രികയിലെ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതുകളുടെ സൂക്ഷിപ്പ്- ജാഗ്രത പുലർത്തണം

പ്രിന്റിംഗ് അപാകതകൾ മൂലം ക്യാൻസൽഡ് ആയിട്ടുള്ള സ്റ്റേഷനറി നം.2633688, 2634562, 2636918 എന്നീ രസീതുകളുടെ കൗണ്ടർഫോയിൽ മാത്രമാണ് ഓഡിറ്റിനായി ഹാജരാക്കിയിരുന്നത് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2 - ന് രസീത് കൈകാര്യം ചെയ്തതിലെ ജാഗ്രത കുറവുമൂലമാണ് അപ്രകാരം സംഭവിച്ചതെന്നും വരും കാലങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ക്യാൻസൽ ചെയ്യുന്ന രസീതുകളിൽ റദ്ദ് ചെയ്യുന്നതിനിടയാക്കിയ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. രസീതുകളുടെ ഉപയോഗവും സൂക്ഷിപ്പും

വളരെ ഗൗരവകരമായി എടുക്കേണ്ടതും രസീതുകൾ കൈകാര്യം ചെയ്യുന്ന എല്ലാ ജീവനക്കാർക്കും ഇതുസംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. സെക്രട്ടറിയും അക്കൗണ്ടന്റും ഈ കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-2 രസീതുബുക്കുകൾ സൂക്ഷിക്കുന്നതിൽ അലംഭാവം

2017-18 കാലയളവിൽ തലയാഴം ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എൻജിനീയർ ടെൻഡർ ഫോം വില ഈടാക്കുന്നതിനായി ഉപയോഗിച്ച രസീത് ബുക്കിൽ (രസീത് ബുക്ക് നം.40338) താഴെചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1. പണം പിരിച്ചെടുക്കുന്നതിനായി ഉപയോഗിക്കുന്ന രസീതുകളുടെ ഒറിജിനൽ രസീതുബുക്കിൽ സൂക്ഷിക്കുകയും ഡ്യൂപ്ലിക്കേറ്റ് പണം ഒടുക്കുന്ന ആൾക്ക് നൽകുകയുമാണ് ചെയ്യേണ്ടത്. എന്നാൽ ഇതിന് വിരുദ്ധമായി രസീത് നം.38, 40 മുതൽ 48 വരെയുള്ളവയുടെ (ആകെ 10 രസീതുകൾ) ഒറിജിനൽ രസീത് രസീതുബുക്കിൽ സൂക്ഷിക്കുന്നതിന് പകരം ഇവയുടെ വേർപെടുത്തി മാറ്റിയ ഡ്യൂപ്ലിക്കേറ്റ് രസീതാണ് പരിശോധനക്കായി ഹാജരാക്കിയിട്ടുള്ളത്.

2. ഇതേ രസീത് ബുക്കിലെ രസീത് നം.37 മുതൽ 40 വരെയുള്ള രസീതുകൾ ഉപയോഗിച്ച് കളക്ഷൻ രജിസ്റ്റർ പ്രകാരം വ്യത്യസ്തമായ രണ്ട് കളക്ഷനുകൾ നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നം. | കളക്ഷൻ രജിസ്റ്റർ പ്രകാരം 27.9.17-ലെ രസീത് വിവരങ്ങൾ (രസീത് ബുക്കിൽ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ല) | | രസീത് നം. | കളക്ഷൻ രജിസ്റ്റർ പ്രകാരം 15.1.18 & 20.3.18 ലെ രസീത് വിവരങ്ങൾ (രസീത് ബുക്കിൽ ചേർത്തിട്ടുള്ളത്) | |
|---|---|---|---|---|---|
| | പേര് | തുക | | പേര് | തുക |
| 37 | ജിജോ വർഗീസ് | 460 | 37 | സർവ്വഭൗമൻ | 560 |
| 38 | ഉമേഷ് | 460 | 38 | ദിവാകരൻ | 560 |
| 39 | റെജോ മാത്യൂ | 340 | 39 | ഉമേഷ് കെ.യു. | 1,680 |
| 40 | ഷാജി പി.എസ്. | 570 | 40 | ഷാജി പി.എസ്. | 1,680 |
| 41 | റോജി സേവ്യർ | 570 | 41 | ജിജോ വർഗീസ് | 1,680 |
| 42 | പി.കെ.ഷാജി | 110 | 42 | കെ.ജി.രാധാകൃഷ്ണൻ | 340 |
| 43 | ദിവാകരൻ ആർ. | 110 | 43 | കുര്യാക്കോസ് ദാസ് | 340 |

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി നം.4- ന് ടെൻഡർ വേളയിൽ രസീതിന്റെ ഡ്യൂപ്ലിക്കേറ്റിന് പകരം ഒറിജിനൽ അബദ്ധത്തിൽ നൽകിയതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ രസീത് നം.37 മുതൽ 40 വരെയുള്ള രസീതുകൾ ഉപയോഗിച്ച് കളക്ഷൻ രജിസ്റ്റർ പ്രകാരം വ്യത്യസ്തമായ രണ്ട് കളക്ഷനുകൾ നടത്തിയതായി കാണിച്ചിട്ടുള്ളതിന് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല. 2017-18 വർഷം ഒരു രസീതുബുക്കിലെ 67-ഓളം രസീതുകൾ മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് ഉപയോഗിച്ചിട്ടുള്ളത്. കേവലം ഒരു രസീത് ബുക്കിന്റെ ഉപയോഗത്തിലും സൂക്ഷിപ്പിലും കാണിച്ചിട്ടുള്ള ജാഗ്രത കുറവ് ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. പണാപഹരണം/രസീതുകളുടെ ദുരുപയോഗം തുടങ്ങിയ കൃത്യവിലോപങ്ങൾ നടന്നിട്ടില്ലാ എന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതും, ഇപ്രകാരമുള്ള വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-3 രസീതുകൾ ക്രമപ്രകാരം ക്യാൻസൽ ചെയ്യുന്നില്ല

2017-18 വർഷം ഔട്ട് ഡോർ കളക്ഷനായി ഉപയോഗിച്ച രസീത് ബുക്ക് നം.40340, 40338 (അസിസ്റ്റന്റ് എഞ്ചിനീയർ ടെൻഡർ കളക്ഷനായി ഉപയോഗിച്ചത്) എന്നിവയിൽ ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിച്ചിട്ടില്ല. അതോടൊപ്പം സാംഖ്യാ ക്യാൻസൽഡ് രസീതുകളിൽ പലതും പുനർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ മാനുവൽ ആയി രസീതുകളിൽ വരച്ച് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ: ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്റ്റേഷനറി നം. | ഉപയോഗിച്ച തീയതി |
|---|---|---|
| 1 | 2632732 | 05.07.17 |
| 2 | 2633278 | 25.09.17 |
| 3 | 2633587 | 31.10.17 |
| 4 | 2633901 | 22.11.18 |
| 5 | 2636466 | 25.05.18 |
| 6 | 2636801 | 05.07.18 |
| 7 | 2636853 | 12.07.18 |
| 8 | 2636947 | 01.08.18 |
| 9 | 5670024, 5670025 | 20.08.18 |
| 10 | 5670040 | 30.08.18 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്, പരാമർശിക്കപ്പെട്ട എല്ലാ രസീതുകളും ക്യാൻസൽ ചെയ്ത് ഹാജരാക്കിയിട്ടുണ്ട്. പ്രിന്റർ തകരാർ മൂലമോ മറ്റ് കാരണങ്ങൾ മൂലമോ സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യുന്ന സന്ദർഭങ്ങളിൽ അതാത് ദിവസം തന്നെ അവ പുനഃർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ മാനുവൽ ആയി വരച്ച് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും, വിതരണം ചെയ്തിട്ടുള്ളതും ഉപയോഗിക്കാൻ ബാക്കിയുള്ളതുമായ രസീത് ബുക്കുകൾ സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അക്കൗണ്ടന്റ് ഈ കാര്യങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 ക്രമവല്ക്കരണം- ഫീസ് ഇടാക്കുന്നതിൽ കുറവ്

ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ള ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർപ്രകാരം 2017-18 സാമ്പത്തിക വർഷം പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിച്ചിട്ടുള്ള കേസുകൾ സംബന്ധിച്ച് രേഖപ്പെടുത്തലുകൾ ഒന്നും കാണുന്നില്ല. ഇപ്രകാരമുള്ള കേസുകളുടെ വിവരങ്ങൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.15 - ന്, 2017-18ലെ ക്രമവത്കരണ നടപടികൾ സ്വീകരിച്ച 18 ഫയലുകളുടെ വിവരങ്ങൾ ഹാജരാക്കുകയും ഇവയുടെ പരിശോധനയിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവൽക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശം പാലിച്ചിട്ടില്ലാത്തതായും കാണുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പേര്,വിലാസം | പ്ലിന്ത് ഏരിയ (ച.മി) | ക്രമവല്ക്കരണത്തിന് ഈടാക്കേണ്ട ഫീസ് (മൂന്ന് മടങ്ങ്) | ഈടാക്കിയത് (രണ്ട് മടങ്ങ്) | കുറവ് |
|---|---|---|---|---|
| ജിനുമോൻ, കനത്തറ, തലയാഴം (കട) | 42.75 | 641 | 428 | 213 |
| ഷാജി, ചെറുകുട്ടിതാഴെ | 116.87 | 1052 | 701 | 351 |
| അജേഷ് ഗോപിനാഥൻ, ശ്രീരാഗം | 101.32 | 912 | 608 | 304 |
| ലതാഭാസ്കർ | 138.78 | 1249 | 833 | 416 |
| വിനേഷ്, സൂര്യഭവൻ | 116.13 | 1045 | 697 | 348 |
| വിമല, ചാത്തുകോപല്ലിത്തറ | 127.19 | 1145 | 764 | 381 |
| സെക്രട്ടറി, മഹാവിഷ്ണു ടെമ്പിൾ (ഓഫീസ്) | 23.41 | 351 | 234 | 117 |
| പ്രകാശൻ, കുത്തോത്ത് | 121.64 | 1095 | 730 | 365 |
| സദാനന്തൻ, പുത്തൻതറ (കട) | 44.85 | 673 | 500 | 173 |
| കാർത്തികേയൻ, വെളാനിലത്തുതറ | 100.18 | 902 | 601 | 301 |

| | | | | |
|---|---|---|---|---|
| ചെല്ലപ്പൻ & സരോജനി, പഴനിലത്തുതറ | 234.06 | 2107 | 1409 | 698 |
| തോമസുകുട്ടി, മുണ്ടോടിത്തറ | 212 | 1908 | 1272 | 636 |
| ശോഭന, ചാണിയിൽ | 178.68 | 1608 | 1072 | 536 |
| കുര്യൻ, കോന്നിത്തറ | 139 | 1251 | 834 | 417 |
| ചന്തർ & റോഷിനി, തോട്ടങ്കരത്തറ | 110.27 | 992 | 662 | 330 |
| രമണി, പുല്ലുകാട്ട് | 152.27 | 1370 | 916 | 454 |
| രാജമ്മ, വെളുത്തേടത്ത്, (കട) | 33.35 | 500 | 334 | 166 |
| സജീവ്, കൊണ്ടയിൽത്തറ | 113.63 | 1023 | 682 | 341 |
| ആകെ | | | | 6547 |

നിലവിൽ സങ്കേതം സോഫ്റ്റ്‌വെയർ പ്രകാരം ക്രമവൽക്കരണകേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ജനറേറ്റ് ചെയ്ത് വരുന്നതും കക്ഷികളിൽ നിന്നും ഈടാക്കുന്നതും. പഞ്ചായത്തിന് ഫീസിനത്തിൽ ലഭിക്കേണ്ട തുകയിൽ സോഫ്റ്റ്‌വെയർ അപാകം മൂലം കുറവുണ്ടാകുന്നത് സാങ്കേതിക വിഭാഗവുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതും സോഫ്റ്റ്‌വെയർ നിലവിൽവന്ന ശേഷം ക്രമവൽക്കരണ കേസുകളിൽ ഈടാക്കിയ ഫീസ് പുന:പരിശോധിച്ച് കുറവ് വന്ന തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-5 ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കണം

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം.19/2011/തസ്വഭവ പ്രകാരമുള്ള തറവിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളിൽ ബി.എസ്.എൻ.എൽ ടവറുകൾ ഒഴികയുള്ള രണ്ട് ടവറുകളുടെ മാത്രം വസ്തുനികുതിയാണ് നിർണ്ണയിച്ച് ഈടാക്കിവരുന്നത് .

ജി.ഒ(ആർ.ടി)2640/2012 ത.സ്വ.ഭ.വ.തീയതി-19.09.2011 പ്രകാരം ബി.എസ്.എൻ.എൽ ടവറുകളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കണമെന്ന ബി.എസ്.എൻ.എൽ ചീഫ് ജനറൽ മാനേജരുടെ അപേക്ഷ സർക്കാർ നിരസിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ടവറിന്റെ പെർമിറ്റ് ഫീ, വസ്തുനികുതി എന്നിവ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.16- ന് വസ്തു നികുതി കുടിശിക സഹിതം ഈടാക്കുന്നതിനുള്ള ജപ്തി, പ്രോസിക്യൂഷൻ നടപടികൾ സ്വീകച്ചുവരുന്നതായി രേഖാമൂലം അറിയിച്ചിട്ടുണ്ട്.

നടപടികളുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് ധനകാര്യകമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഈവിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 2-6 വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കൽ - കെട്ടിട ഉപയോഗം പരിശോധിക്കണം

തലയാഴം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ആരാധനാലയങ്ങൾ എന്നനിലയിൽ 63 കെട്ടിടങ്ങളെ വസ്തു നികുതി ഈടാക്കുന്നതിൽ നിന്ന് ഒഴിവ് നൽകിയിട്ടുണ്ട്. പ്രാർത്ഥനാവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് മാത്രമാണ് വസ്തു നികുതിയിൽ ഇളവുള്ളത്. എന്നാൽ ഒരേ ഉടമസ്ഥതയിലുള്ള ഒന്നിലധികം കെട്ടിടങ്ങളെ ആരാധനാലയങ്ങൾ എന്നനിലയിൽ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതിയിളവ് നൽകിയതായികാണുന്നു. ഉദാ. ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമസ്ഥന്റെ വിലാസം | കെട്ടിട വിസ്തീർണ്ണം (ച.മി) |
|---|---|---|---|
| 1 | 13/53 | പ്രസിഡന്റ്, ശ്രീ കുരുംബ ക്ഷേത്രം, തലയാഴം, കൊതവറ | 48.28 |
| 2 | 13/54 | | 106.91 |
| 3 | 14/184 | ദേവസ്വം ഹാൾ, ഓങ്കാരേശ്വരം, തലയാഴം | 20 |
| 4 | 14/185 | | 400 |
| 5 | 15/188 | വികാരി, എൽ.എഫ്. ചർച്ച്, തലയാഴം | 105.3 |
| 6 | 15/188A | | 49 |
| 7 | 15/190 | | 160 |

മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നറിയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16 ന് കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധനക്ക് വിധേയമാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പരിശോധനയുടേയും തുടർ നടപടികളുടേയും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 കടമുറികൾ ഉപയോഗയോഗ്യമാക്കാൻ നടപടികൾ സ്വീകരിക്കണം

പഞ്ചായത്തിലെ പതിനാലാം വാർഡിൽ സ്ഥിതിചെയ്യുന്ന കെട്ടിട നം.155 (വാടക രജിസ്റ്റർ പ്രകാരം റൂം നം.482E) തീ പിടുത്തത്തിൽ കത്തിനശിക്കുകയും അതേ കെട്ടിടത്തോട് ചേർന്ന് സ്ഥിതിചെയ്യുന്ന കെട്ടിട നം.156 (വാടക രജിസ്റ്റർ പ്രകാരം റൂം നം.482D) – ന് ഉപയോഗിക്കാൻ സാധിക്കാത്തവിധം കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുള്ളത് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതും തുടർ നടപടികൾ സ്വീകരിക്കുന്നതിനായി നിർദ്ദേശിച്ചിരുന്നതുമാണ്. എന്നാൽ ഇതുവരെ ഇതുസംബന്ധിച്ച ആവശ്യമായ അന്വേഷണം നടത്തുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നം.17- ന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്തിന്റെ ഒരു സ്ഥിരം വരുമാന മാർഗ്ഗവും അസ്സറ്റുമായ പ്രസ്തുത കടമുറികൾ ഉപയോഗയോഗ്യമാക്കി നടപടിക്രമങ്ങൾ പാലിച്ച് വാടകയ്ക്ക് നൽകുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ

അറിയിക്കേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിയ്ക്കുന്നു.

## 2-8 ഡി & ഒ ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ, പൗൾട്രി ഫാം, സ്റ്റേഷനറികടകൾ, ബേക്കറികൾ തടിമില്ലുകൾ, ഫർണ്ണിച്ചർ നിർമ്മാണശാലകൾ, ഇലക്ട്രോണിക്സ് കടകൾ മുതലായവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി അപേക്ഷ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ്(നം-19)ന് ലഭ്യമാക്കിയ മറുപടിയിൽ ഈ സ്ഥാപനങ്ങൾ അപേക്ഷയോടൊപ്പം അനുബന്ധരേഖകൾ ഹാജരാക്കാത്തതിനാലും കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് അനുസരിച്ച് അസസ്സ് ചെയ്യാത്തതിനാലുമാണ് ലൈസൻസ് നൽകാതിരുന്നത്. അതിനാൽ ലൈസൻസ് പുതുക്കുന്നതിന് അപേക്ഷയോടൊപ്പം അനുബന്ധരേഖകൾ ഹാജാരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഉപയോഗക്രമം തെറ്റായി അസസ്സ് ചെയ്യപ്പെട്ട കെട്ടിടങ്ങൾ പുന:പരിശോധിക്കേണ്ടതും അപാകത മൂലം ഉണ്ടായ നഷ്ടം കുടിശ്ശിക സഹിതം ഈടാക്കേണ്ടതും ഇത്തരം അപാകതകൾ തുടരുന്നുണ്ടോയെന്ന് വിശദമായ പരിശോധന നടത്തേണ്ടതുമാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അടിയന്തിരശ്രദ്ധ ഇക്കാര്യങ്ങളിൽ ഉണ്ടാകേണ്ടതാണ്.

| ക്രമ നം. | സ്ഥാപന ഉടമ | സ്ഥാപനങ്ങൾ |
|---|---|---|
| 1 | കവിത | സിലിക്കാ, സിമന്റ് വിൽപ്പന |
| 2 | സതീഷ് | പലവ്യഞ്ചന വ്യാപാരം |
| 3 | സുധീഷ് കുമാർ (ആരതി വുഡ്സ്) | ഫർണ്ണീച്ചർ നിർമ്മാണം, വിൽപ്പന |
| 4 | കെ.എസ്.ശിവദാസ് | ഷാപ്പ്(TS no-19) |
| 5 | ബിന്ദു പി.കെ. | സ്റ്റേഷനറികടകൾ |
| 6 | ഓമന | ഭക്ഷണ സാധനങ്ങൾ വിൽപ്പന |
| 7 | മജികുമാർ | ഇലക്ട്രിക്ക് സാധനങ്ങൾ വിൽപ്പന |
| 8 | ഗീത | റേഷൻകട(AD R-203) |
| 9 | ജിജി ജോയി | പൗൾട്രിഫാം |
| 10 | ബിന്ദു ജോർജ് | സ്റ്റേഷനറികട |
| 11 | അനീഷ് | കമ്പ്യൂട്ടർ ഉത്പ്പന്നങ്ങൾ വിൽപ്പന |

## 2-9 ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കണം

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2017-18 വർഷം തലയാഴം ഗ്രാമപഞ്ചായത്തിലെ ഇ -ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ ലഭിക്കാനുള്ള തുകകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയില്ല. ഇ-ടെൻഡർ ഫീസിനത്തിലുള്ള തുക ഇനം തിരിച്ച് ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്

ടെണ്ടർ ഫീസ് -കറണ്ട് അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. തലയാഴം ഗ്രാമപഞ്ചായത്ത് ഈരീതിയിൽ അക്കൗണ്ട് ആരംഭിച്ചതായി കാണുന്നില്ല. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന്(നമ്പർ 3) ന് അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ടെണ്ടർ രജിസ്റ്റർ കൃത്യമല്ല

ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ഉൾപ്പെടുന്ന അടിസ്ഥാന രജിസ്റ്ററായ ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കിയിട്ടില്ല. ടെണ്ടർ ചെയ്യുന്ന വേലയുടെ പേര് ടെണ്ടർ തുറക്കുന്ന സമയം, ലഭിച്ച വിവരം, അംഗീകരിച്ച വിവരം, തുടങ്ങിയ വിവരങ്ങൾ പോലും ഉൾപ്പെടുത്തുന്നില്ല. നിർവ്വഹണം ഉദ്യോഗസ്ഥൻ ആവശ്യമായ സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ വിവരങ്ങൾ പൂർണ്ണമായും ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 2-10 ഫിറ്റ്നെസ്സ് സാക്ഷ്യപത്രം ഇല്ലാതെ അങ്കണവാടികൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 18 അങ്കണവാടികൾ ഉണ്ട്. അങ്കണവാടി കെട്ടിടങ്ങളുടെ സുരക്ഷിതത്വ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങുന്നില്ല
തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2011-ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുടാപ്പുകളുടെ വെള്ളക്കരം- പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യത

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഓരോ മാസവും 60,813/-രൂപ വീതമാണ് ഗ്രാമപഞ്ചായത്ത് അടവാക്കുന്നത്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റനുസരിച്ച് 139 പൊതുടാപ്പുകൾക്കുള്ള നിരക്കാണ് ഇപ്രകാരം അടവാക്കിപ്പോരുന്നത്. ടാപ്പൊന്നിന് പ്രതിവർഷം 5,250/- രൂപ നിരക്കിൽ 139 ടാപ്പുകൾക്ക് 2017-18 വർഷം ആകെ 7,29,750/- രൂപ ഈയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ കുടിശ്ശികയുൾപ്പെടെയുള്ള തുകയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നതെങ്കിലും അതാത് മാസത്തെ തുക മാത്രമേ പഞ്ചായത്ത് അടവാക്കിപ്പോരുന്നുള്ളൂ. കുടിശ്ശിക അടവാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ഫൈൻ ഇനത്തിൽ മാത്രം ഓരോമാസവും അൻപതിനായിരം രൂപയോടടുത്ത ബാധ്യത ഉണ്ടാകുന്നു എന്ന് ലഭ്യമായ കണക്കുകളിൽനിന്നും വ്യക്തമാകുന്നു. മുൻവർഷാവസാനം (31.3.17-ൽ) വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് അനുസരിച്ച് കുടിശ്ശികയുൾപ്പെടെ പഞ്ചായത്ത് അടവാക്കാനുള്ള തുക 24,22,921/-രൂപയായിരുന്നു (ബിൽ നം.13/1.4.17). എല്ലാ മാസവും അതാത് മാസത്തെ തുക അടവാക്കിപ്പോന്നിട്ടും 2018 മാർച്ച് ആയപ്പോഴേക്കും കുടിശ്ശികബാധ്യത 29,08,022/-രൂപയായി ഉയർന്നു. ഈ വിഷയം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതും പരിഹാര നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നതുമാണ്. പ്രവർത്തനരഹിതമായ ടാപ്പുകൾക്കു കൂടി വാട്ടർചാർജ്

അടയ്ക്കുന്നതായി ബോധ്യപ്പെട്ടതിനാൽ സംയുക്തപരിശോധന നടത്തുന്നത് സംബന്ധിച്ച് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യാൻ 17.5.18-ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനമെടുത്തെങ്കിലും ഇതുമായി ബന്ധപ്പെട്ട് മറ്റ് തുടർനടപടികളൊന്നും പഞ്ചായത്തുതലത്തിൽ സ്വീകരിച്ചുകാണുന്നില്ല.

വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി നിലവിലെ ഡിമാന്റ് തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്. ആവർത്തിച്ച് ശ്രദ്ധയിൽപ്പെടുത്തിയിട്ടും നടപടി സ്വീകരിക്കാതെ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്. പഞ്ചായത്ത് തലത്തിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതിലേക്കായി പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## 3-2 തെരുവുവിളക്ക് മെയിന്റനൻസ് -പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 67/16-17 |
| അടങ്കൽ | 1,00,000/-(തനതുഫണ്ട്) |
| ചെലവ് | 1,00,000/-(വൗച്ചർ നം.21601058/28.1.17) |

പ്രസ്തുത പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ കേടായ സി.എഫ്.എൽ വഴിവിളക്കുകൾ നന്നാക്കി പ്രവർത്തനക്ഷമമാക്കുന്നതിന്റെ ഭാഗമായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ (ഒരു പോസ്റ്റിന് 420/-രൂപ) ശ്രീ.എം.എസ്.രാജു എന്നയാളുടെ ക്വട്ടേഷൻ അംഗീകരിച്ച് (പഞ്ചായത്ത് കമ്മിറ്റിയുടെ 17.12.16ലെ 21-ാം നമ്പർ തീരുമാനം) ടിയാനെ പ്രവൃത്തി ഏൽപ്പിച്ചു. വിവിധ വാർഡുകളിലായി 240 ലൈറ്റുകൾ നന്നാക്കിയ ഇനത്തിൽ പോസ്റ്റ് ഒന്നിന് 420/- രൂപ നിരക്കിൽ ആകെ 1,00,800/-ചെലവു വന്നത് അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി 1,00,000/-രൂപ ടിയാന് അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക്പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്തുഡയറക്ടറുടെ 17-8-15-ലെ ജി2-44274/15 പൊതുമാർഗ്ഗരേഖയിലെ താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

എ) ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴവൻ തെരുവുവിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ്നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്ററും തെരുവുവിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി പുസ്തകവും സൂക്ഷിക്കുന്നില്ല. ഇതിന്റെ അഭാവം മൂലം തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിയുടെ കൃത്യതയും സുതാര്യതയും ഓഡിറ്റിൽ വിലയിരുത്താൻ സാധിച്ചിട്ടില്ല.

ബി) ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാമാണെന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം, പോസ്റ്റു നമ്പർ, വിളക്കുകളുടെ എണ്ണം, സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെ സഹകരണത്തോടെ സംയുക്തപരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

സി) തെരുവുവിളക്കുകൾ പോസ്റ്റുകളിൽ കയറി നന്നാക്കുന്നതിന് കെ.എസ്.ഇ.ബി-യുടെ അനുമതി വാങ്ങിയിട്ടില്ല.

ഡി) ഓരോ വാർഡിലും ഏതൊക്കെ പോസ്റ്റുകളിലാണ് വിളക്കുകൾ നന്നാക്കി സ്ഥാപിച്ചിട്ടുള്ളതെന്നും വാർഡ് തലത്തിൽ മെമ്പർമാർ ഉൾപ്പെട്ട മോണിറ്ററിംഗ്സമിതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഗ്രാമസഭകളുടെ മിനിറ്റ്സ് പരിശോധിച്ചതിൽ പല വാർഡുകളിലും പ്രവർത്തനക്ഷമമല്ലാത്ത നിരവധി തെരുവുവിളക്കുകൾ ഉള്ളതായും അവ നന്നാക്കുന്നത് സംബന്ധിച്ചും പരാമർശിച്ചുകാണുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിലെ തെരുവിളക്കുകളുടെ വാർഡുതിരിച്ചുള്ള എണ്ണം, ഇനം, കൺസ്യൂമർ നമ്പർ എന്നിവ വ്യക്തമാക്കുന്ന തരത്തിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും പരാതി രജിസ്റ്റർ

സൂക്ഷിക്കാത്തതിനാലും കേടാകുന്ന വിളക്കുകളുടെ വിവരവും ഓരോ വാർഷികപദ്ധതികളിലും മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്ന വിളക്കുകൾ ഏതെല്ലാമാണെന്നും വ്യക്തമല്ല.

അപാകതകൾ സംബന്ധിച്ച് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ തെരുവുവിളക്കുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളുടെ തെരുവുവിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ കാലാനുസൃതമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും പഞ്ചായത്ത് ഡയറക്ടറുടെ 17.8.15-ലെ ജി2-44274/15 പൊതുമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചും ആയിരിക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-3 ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടാത്ത സാഹചര്യം പരിഗണിക്കാതെ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് ഓവർഹെഡ് ചാർജ്ജ് അധികനിരക്ക് നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനിയർ

ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികൾക്ക് നികുതിവിഹിതം നൽകുമ്പോളുണ്ടാകുന്ന നഷ്ടം പരിഹരിക്കാനാണ് ഓവർഹെഡ് ചാർജ്ജ്കൂടി ഉൾപ്പെടുത്തി റേറ്റ് തയ്യാറാക്കിയത്. 2017-18 വർഷം ഗുണഭോക്തൃസമിതി നിർവ്വഹിച്ച വർക്കുകളുടെ ഡേറ്റാ പരിശോധിച്ചതിൽ 10% ഓവർഹെഡ് ചാർജ്ജ് കൂടി ഉൾപ്പെടുത്തിയിരുന്നു. 7/2017 ൽ ജി.എസ്.ടി.നിലവിൽ വരികയും 31.03.18 വരെ കരാറുകാരുടെ ബില്ലിൽ നിന്നും ജി.എസ്.ടി. കുറവ് ചെയ്യേണ്ടതില്ല എന്ന് 01.11.2017 ലെ സ.ഉ.(അച്ചടി) നം.87/2017 ൽ നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതിനാൽ 2% ആദായനികുതിയും 1% കെ.സി.ഡബ്ലിയു.ഡബ്ലിയു.എഫ്. ഉം മാത്രമാണ് ബില്ലിൽ കുറവ് വരുത്തേണ്ടത്. താഴെപറയുന്ന പ്രോജക്ടുകളുടെ ഒ എച്ച് 2.5% കുറവ് ചെയ്ത തുക പിൻവലിക്കുകയും 3% നികുതി കിഴിച്ചുള്ള തുക കൺവീനർക്ക് നല്കുകയും ചെയ്തപ്പോൾ ഓവർഹെഡ് ചാർജിനത്തിൽ 4.5% തുക അനർഹമായി കൺവീനർക്ക് നല്കിയിട്ടുണ്ട്.(27/18 നമ്പർ പ്രോജക്ടിൽ ഒ എച്ച് 2.5% കുറവ് വരുത്തിയില്ല ആയതിനാൽ 7% അധികം നൽകി). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.27/18 തോട്ടകം ഗവ.എൽ.പി.സ്കൂളിന് ശുചിമുറി

അടങ്കൽ-3,30,100

ചെലവ്- 3,30,003 ബിൽ നം.31/19.1.18

കൺവീനർ-ശ്രീ.അനുരാജ് പി.എ.
കരാർ – 46/AE/LSGD/72M/16-17/31.3.17

അളവ് പുസ്തകം-47/16-17

ചെലവ് വിവരം

| | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 3,30,003 | 3,30,003 |
| കുറയ്ക്കുക-ഐ.ടി (2%) | 6,600 | 6,600 |
| നിർമ്മാണക്ഷേമനിധി വിഹിതം (1%) | 3,300 | 3,300 |
| ഫൈൻ | 3,300 | 3,300 |

| | | |
|---|---|---|
| ഓവർ ഹെഡ് ചാർജ് (7%) | 23,100 | 0 |
| നെറ്റ് തുക | 2,93,703 | 3,16,803 |
| അധികം നൽകിയ തുക | | 23,100 |

2. 41/18 ആലത്തൂർ കണ്ടംതുരുത്ത് റോഡ് റീടാറിങ്ങ്

അടങ്കൽ-3,00,000

ചെലവ്- 2,91,872 ബിൽ നം.30/29.12.17

കൺവീനർ-ശ്രീ.സുരേന്ദ്രൻ

അളവ് പുസ്തകം-2/16-17
കരാർ – 30/AE/LSGD/72M/16-17/25.3.17

ചെലവ് വിവരം

| | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 2,99,356 | 2,99,356 |
| കുറക്കുക (ഓവർ ഹെഡ് ചാർജ്ജ് 2.5%) | 7,484 | 7,484 |
| | 2,91,872 | 2,91,872 |
| കുറയ്ക്കുക-ഐ.ടി (2%) | 5,837 | 5,837 |
| നിർമ്മാണക്ഷേമനിധി വിഹിതം (1%) | 2,919 | 2,919 |
| ബാരൽ വില | 3,372 | 3,372 |
| ഓവർ ഹെഡ് ചാർജ്(4.5%) | 13,471 | 0 |
| നെറ്റ് തുക | 2,66,273 | 2,79,744 |
| അധികം നൽകിയ തുക | | 13,471 |

3.44/18 കുവം കാളീശ്വരം റോഡ് മടമക്ക്ഫില്ലിങ്ങ്

അടങ്കൽ-4,76,000

ചെലവ്- 3,72,406 ബിൽ നം.34/31.02.18

കൺവീനർ-ശ്രീ.സാന്ദ

അളവ് പുസ്തകം-32/16-17
കരാർ നം. ഇല്ല തീയതി 30.3.17

ചെലവ് വിവരം

| | അർഹമായത് | നൽകിയത് |
|---|---|---|
| ആകെ വേലമൂല്യം | 3,81,956 | 3,81,956 |
| കുറക്കുക (ഓവർ ഹെഡ് ചാർജ്ജ് 2.5%) | 9,550 | 9,550 |
| | 3,72,406 | 3,72,406 |

| | | |
|---|---|---|
| കുറയ്ക്കുക-ഐ.ടി (2%) | 7,448 | 7,448 |
| നിർമ്മാണക്ഷേമനിധി വിഹിതം(1%) | 3,724 | 3,724 |
| ഫൈൻ | 3,724 | 3,724 |
| ഓവർ ഹെഡ് ചാർജ്(4.5%) | 17,188 | 0 |
| നെറ്റ് തുക | 3,40,322 | 3,57,510 |
| അധികം നൽകിയ തുക | | 17,188 |

നികുതി വിഹിതം അടവാക്കാനുള്ള തുകയിലധികം പിൻവലിച്ചതിനാൽ മേൽ പ്രോജക്ടുകളുടെ കൺവീനർമാർക്ക് അധികം തുക നൽകി. അധികം നൽകിയ തുക ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് ഗുണഭോക്തൃസമിതി നടപ്പാക്കുന്ന പ്രവർത്തികളുടെ എസ്റ്റിമേറ്റിനൊപ്പം ഓവർ ഹെഡ് ചാർജ്ജ് 7.5% എന്ന് പ്രൈസ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെട്ടതാണെന്നാണ് മറുപടി നൽകിയത്. ജി.എസ്.റ്റി ഈടാക്കേണ്ടാത്ത സാഹചര്യത്തിൽ അധികം തുക പിൻവലിക്കാനിടയായതിന്റെ കാരണം സംബന്ധിച്ച് യാതൊരു വിവരവും മറുപടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ധനകാര്യ (ഇൻസ്&പി.ഡബ്ലിയു--ബി)വകുപ്പിന്റെ 14.12.16ലെ ഇൻഡ് & പി.ഡബ്ലിയു. ബി2/2666/2016 നമ്പർ സർക്കുലർ പ്രകാരം നികുതിവിഹിതങ്ങൾ അടവാക്കുന്നതിനുള്ള അധികതുകയ്ക്കാണ് ഗുണഭോക്തൃസമിതി വേലകൾക്ക് ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നികുതിവിഹിതം ഒടുക്കാത്ത സാഹചര്യത്തിലും ഓവർഹെഡ് ചാർജ് പൂർണ്ണനിരക്കിൽ അനുവദിച്ചത് ക്രമവിരുദ്ധമാണ്. അധികം നൽകിയ 53,759 രൂപ അതാത് കൺവീനർമാരിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പാക്കിയില്ല

1.നിർവ്വഹണ ഉദ്യോഗസ്ഥൻ-അസിസ്റ്റന്റ് എൻജിനിയർ

1-1.മൈലാത്തുപള്ളി മലയിൽ റോഡ് മണ്ണ് ഫില്ലിംഗ് ആന്റ് മെറ്റലിങ്ങ് -പ്രവർത്തി നാളിതുവരെ നടപ്പാക്കിയില്ല

2014-15 വർഷത്തെ വാർഷിക പദ്ധതിയിൽ തയ്യാറാക്കിയ ടി പ്രോജക്ട് (നം.80/15)ടെണ്ടർ നടപടികളിലൂടെ ശ്രീ.ജോജി ജോസഫ് എന്ന കരാറുകാരനെ ഏൽപ്പിച്ചു. പ്രസ്തുത വർഷം പ്രോജക്ട് നടപ്പാക്കാത്തതിനെ തുടർന്ന് സ്പിൽ ഓവറായി തുടർ വർഷങ്ങളിലും ഉൾപ്പെടുത്തിയെങ്കിലും പ്രോജക്ട് നടപ്പാക്കിയില്ല. 2017-18 വർഷം 146/18 ആയി ഉൾപ്പടുത്തിയ ടി പ്രോജക്ട് നടപ്പാക്കാത്തതിന്റെ സാഹചര്യം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ അന്വേക്ഷണക്കുറിപ്പിന് ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറിലേർപ്പെട്ടെങ്കിലും പ്രദേശത്ത് തർക്കം നിലനിന്നതിനാൽ പ്രവൃത്തി ചെയ്യാൻ സാധിച്ചില്ല എന്നറിയിച്ചു. പ്രവൃത്തി ആരംഭിക്കാതെ ഓരോ വർഷവും പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്തുന്ന നടപടി ശരിയല്ല. പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്നും EMD/SD മുതൽക്കൂട്ടുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റി വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണ്ടതാണ്.

1-2.ഗുണഭോക്തൃ സമിതി നടപ്പാക്കാൻ തയ്യാറാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ പദ്ധതിയിൽ സ്പിൽ ഓവറായി ഉൾപ്പടുത്തിയ താഴെപറയുന്ന മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ രീതി ഗുണഭോക്തൃ സമിതി മുഖേനയാണ്.

| പ്രോജക്ട് | അടങ്കൽ |
|---|---|

| | |
|---|---|
| 9/18 എണ്ണയ്ക്കാപ്പള്ളി പി.എച്ച്.സി. റോഡ് മണ്ണ് ഫില്ലിംഗ് | 1,25,000 |
| 19/18 കരിവേലിൽ കമ്പുകുറ്റി റോഡ് മെയിന്റനൻസ് | 89,000 |
| 26/18 കണ്ണാട്ടുപടി-പത്തുപറ റോഡ് മെയിന്റനൻസ് | 25000 |
| 30/2018 കുവം മോസ്കോ റോഡിന് ജലനിർഗ്ഗമനകുഴൽ സ്ഥാപിക്കൽ | 25,000 |
| 37/2018 കുവം കാളീശ്വര റോഡിന് ജലനിർഗ്ഗമനകുഴൽ സ്ഥാപിക്കൽ | 10,000 |
| 39/18 പ്രിയദർശിനി തറക്കോണം റോഡ് ഗ്രാവലിങ്ങ് | 2,50,000 |

മേൽ പ്രോജക്ടുകൾ നടപ്പാക്കാത്തത് സംബന്ധിച്ച് നല്കിയ അന്വേഷണക്കുറിപ്പിന് സാധനസാമഗ്രികളുടെ വിലയെ സംബന്ധിച്ച തർക്കം കാരണം കമ്മറ്റി കൂടുവാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രോജക്ടുകൾ നടപ്പാക്കാതെ ഉപേക്ഷിക്കുകയാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. പ്രോജക്ടുകൾ ഉപേക്ഷിക്കുവാനുള്ള സാഹചര്യം വ്യക്തമാക്കുന്ന റിപ്പോർട്ടോ കമ്മിറ്റി തീരുമാനമോ മറുപടിയോടൊപ്പം ലഭ്യമാക്കിയില്ല.

## 3-5 പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-നിർവ്വഹണനടപടിക്രമങ്ങളിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | 127/17-18 |
| അടങ്കൽ | 2,00,000/- |
| ചെലവ് | 85,000/- |
| ബിൽ നമ്പർ | 3/17-18/28.3.18 |

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം, പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി വികസനഫണ്ടിൽ നിന്നും ചുവടെ ചേർക്കുംപ്രകാരം 85,000/-രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| | അനിമോൾ പി.എസ്. | 20,000 |
| | അരുൺ ശങ്കർ | 20,000 |
| | അനൂപ് സി.മനോജ് | 15,000 |
| | മഞ്ജു വി.എച്ച്. | 15,000 |
| | അനുഷാമോൾ തങ്കച്ചൻ | 15,000 |
| ആകെ | | 85,000/- |

പ്രോജക്ടുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1) അനിമോൾ പി.എസ്., അരുൺ ശങ്കർ എന്നീ വിദ്യാർത്ഥികൾ ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുള്ളത് വൈക്കം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രസ്തുത പദ്ധതി ആനുകൂല്യത്തിനുവേണ്ടിയുള്ള

അപേക്ഷാഫോറത്തിലാണ് ടി വിദ്യാർത്ഥികൾക്ക് തൻവർഷം ഗ്രാമപഞ്ചായത്തിൽനിന്നും പ്രസ്തുത ആനുകൂല്യം നൽകിയിട്ടില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്.

ഗ്രാമപഞ്ചായത്തിൽനിന്നുള്ള പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷയിൽ അതേ പദ്ധതി ആനുകൂല്യം തൻവർഷം നൽകിയിട്ടില്ല എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കുന്നതിന് കാരണം വ്യക്തമല്ല.

2) ഒരേ കോഴ്സിന് വ്യത്യസ്ത പഠനകാലയളവ് കാണിച്ചുകൊണ്ടുള്ള രണ്ട് സർട്ടിഫിക്കറ്റുകളാണ് അനൂപ് സി.മനോജ് എന്ന വിദ്യാർത്ഥി ഹാജരാക്കിയിട്ടുള്ളത്. ഒരു സർട്ടിഫിക്കറ്റ് അനുസരിച്ച് 2014 നവംമ്പർ മാസം മുതൽ 2017നവംബർ വരെയാണ് കോഴ്സ് കാലയളവ്. എന്നാൽ ഇതേ സ്ഥാപനത്തിന്റെ മറ്റൊരു സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത് പ്രകാരം വിദ്യാർത്ഥിയുടെ പഠനകാലയളവ് 1/2015 മുതൽ 1/2018 വരെയാണ്. ഇപ്രകാരം ഒരേ കോഴ്സിന് പഠനകാലയളവ് വ്യത്യാസപ്പെടുത്തി രണ്ട് സാക്ഷ്യപത്രം ഹാജരാക്കാനുണ്ടായ സാഹചര്യവും വ്യക്തമല്ല.

3) മഞ്ജു വി.എച്ച്. എന്ന വിദ്യാർത്ഥിനി ബ്ലോക്ക് പഞ്ചായത്തിൽനിന്നും പ്രസ്തുത ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

4) അനുഷാമോൾ എന്ന വിദ്യാർത്ഥിനിക്ക് ജില്ലാപട്ടികജാതിവികസന ഓഫീസിൽനിന്നും പ്രസ്തുത ആനുകൂല്യം നൽകിയിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് വൈക്കം ബ്ലോക്ക്പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസറാണ്. എന്തടിസ്ഥാനത്തിലാണ് ഇപ്രകാരം സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടുള്ളത് എന്ന വിവരം വ്യക്തമല്ല.

മേൽ അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടിരുന്നതിന് ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ മൂലം ഉണ്ടായ അപാകതയാണെന്നും അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം രേഖാമൂലം റിപ്പോർട്ട് ചെയ്യുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 85,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 മരുന്നു ലഭ്യമായില്ല-ചെലവ് തടസപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ- 96/18

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

അടങ്കൽ-1,19,212/- (ബിൽ നം-3/17-18)
ചെലവ് – 1,19,212 രൂപ

ഓഡിറ്റ് വർഷം പി.എച്ച്.സി. യിലേക്ക് മരുന്ന് വാങ്ങുന്നതിന് പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം(96/18) (ബിൽ നം-3/17-18, തുക 97509+2491+19212=119212/-രൂ)1,19,212/-രൂ 19.02.2018ന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ പഞ്ചാബ് നാഷണൽ ബാങ്ക് അക്കൗണ്ടിൽ(A/cNo-36241800000019)അടവാക്കിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിൽ(നം-8)UTR നമ്പർ പ്രഫോർമ ഇൻവോയിസ് വിവരം എന്നിവ മാനേജിംഗ് ഡയറക്ടർ, കെ.എം.സി.എസ്.ൽ, തിരുവനന്തപുരത്തിന് അയച്ചുനൽകിയിട്ടുണ്ടെന്നും മരുന്ന് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തി ഹാജരാക്കുമെന്നും മറുപടി നൽകി. മരുന്നുകൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 11,912 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ആശ്രയപദ്ധതി

അഗതികളുടെ പുനരധിവാസ പദ്ധതിയായ ആശ്രയ 2005-06ലാണ് ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നത്. ഒന്നാംഘട്ടപദ്ധതിയുടെ ഭാഗമായി വിവിധ വിഭാഗങ്ങളിൽ നിന്നുള്ള 36 അഗതികുടുംബങ്ങളിൽ നിന്നായി 116 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. വീട്, കക്കൂസ്, കുടിവെള്ളം, ഭക്ഷണം, വിദ്യാഭ്യാസം മുതലായ അടിസ്ഥാന ആവശ്യങ്ങൾക്കുള്ള സേവനപാക്കേജിന്റെ ഭാഗമായി 18 ഗുണഭോക്തൃകുടുംബങ്ങളിൽനിന്നായി ആകെ 54 ഗുണഭോക്താക്കൾക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുള്ളതായും ഓഡിറ്റിന് നൽകിയ രേഖകൾ വ്യക്തമാക്കുന്നു. ഒന്നാംഘട്ടപ്രവർത്തനങ്ങൾക്കുവേണ്ടി ചലഞ്ച്ഫണ്ട്, പ്ലാൻഫണ്ട് ഇനങ്ങളിൽ വകയിരുത്തിയിരുന്നതും ചെലവഴിച്ചിട്ടുള്ളതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്ലാൻ ഫണ്ട് | ചലഞ്ച് ഫണ്ട് | ആകെ |
|---|---|---|---|
| വകയിരുത്തിയ തുക | 8,85,000/- | 9,01,500/- | 17,86,500/- |
| ചെലവഴിച്ചതുക | 8,75,000/- | 8,26,064 | 17,01,064 |

രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ 269 കുടുംബശ്രീ അയൽക്കൂട്ടങ്ങളും എ.ഡി.എസ്., സി.ഡി.എസ്. കമ്മിറ്റികളും സൂക്ഷ്മപരിശോധന നടത്തി ഒന്നാംഘട്ടത്തിൽ ശേഷിച്ചിരുന്നവരുൾപ്പെടെ ക്ലേശഘടകങ്ങളിൽ 100% ബാധകമായ 82 കുടുംബങ്ങളെ കണ്ടെത്തുകയുണ്ടായി. 82 കുടുംബങ്ങളിൽനിന്നുള്ള 198പേരടങ്ങുന്ന രണ്ടാംഘട്ട പദ്ധതിക്ക് 2013-14 വർഷം സർക്കാർ അനുമതി ലഭിച്ചു (സ.ഉ (സാധാ) നം.2282/2013/തസ്വഭവയ9.9.13). രണ്ടാംഘട്ടത്തിൽ വിവിധ സേവനപാക്കേജുകൾക്കായി ചെലവഴിച്ചിട്ടുള്ളതുമായ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | പ്ലാൻ ഫണ്ട് | ചലഞ്ച് ഫണ്ട് | |
|---|---|---|---|
| വകയിരുത്തിയ തുക | 6,00,000 | 15,98,500/- | 21,98,500/- |
| ചെലവഴിച്ച തുക | 6,00,000/- | 9,64,237/- | 15,64,237/- |

ആശ്രയ 3-ാം ഘട്ട പദ്ധതി പ്രാരംഭപ്രവർത്തനങ്ങൾ ഓഡിറ്റ് വർഷത്തിലാണ് ആരംഭിക്കുന്നത്. ഇതിന്റെ ഭാഗമായി പഞ്ചായത്തുകമ്മിറ്റിയുടെ തീരുമാനപ്രകാരം (അജണ്ട-9, തീരു. -IX) വിവരശേഖരണസർവ്വേ നടത്തുകയും ഇതിനെത്തുടർന്ന് അപ്പീൽപരിശോധന പൂർത്തിയായതിനുശേഷമുള്ള ആശ്രയ ഗുണഭോക്താക്കളുടെ പട്ടികയിൻമേൽ 21.6.18-ൽ അഗതി ഗ്രാമസഭയും മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ച് തെരഞ്ഞെടുക്കപ്പെട്ട 88 പേരുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കുന്നതിന് പഞ്ചായത്ത്കമ്മിറ്റി തീരുമാനിച്ചു. പ്രസ്തുതലിസ്റ്റ് സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചുണ്ടെങ്കിലും സർക്കാരിൽനിന്നും ഇതിനോടകം അനുമതിപത്രം ലഭിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് തീയതിയിലും 3--ാം ഘട്ടപദ്ധതിയുടെ തുടർ പ്രവർത്തനങ്ങളാരംഭിച്ചിട്ടില്ല.

## 3-8 നടപ്പാക്കിയിട്ടില്ലാത്ത പ്രവൃത്തികൾക്കുവേണ്ടി കൈമാറിയ തുകകൾ തിരികെ ഈടാക്കിയിട്ടില്ല

മീറ്ററിംഗ് സമ്പ്രദായം

ഗ്രാമ പഞ്ചായത്തിലെ 2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്ട് നം.SO 13/2013 പ്രകാരം തെരുവ് വിളക്ക് മീറ്റർ ഘടിപ്പിക്കുന്നതിനായി 1,59,000/- രൂപ പദ്ധതി വിഹിതം വൈദ്യുതി ബോർഡിന് കൈമാറി നൽകിയിരുന്നു.

എന്നാൽ കെ.എസ്.ഇ.ബി.പ്രവൃത്തി നാളിതുവരെ പ്രവൃത്തി നടപ്പാക്കിയിട്ടില്ല. ഈ വിഷയം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുകയും പ്രോജക്ട് നടപ്പായിട്ടില്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നുവെങ്കിലും ഓഡിറ്റ് തീയതിവരേയും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. നിലവിൽ പ്രതിമാസം നാല്പത്തി അയ്യായിരത്തോളം

രൂപ സ്ട്രീറ്റ്ലൈറ്റ് കറന്റ് ചാർജ് ഇനത്തിൽ പഞ്ചായത്ത് അടയ്ക്കുന്നുണ്ട്. എന്നാൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം രേഖപ്പെടുത്തിയ രജിസ്റ്ററും പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ട് നടപ്പായിട്ടില്ലാത്ത സാഹചര്യത്തിൽ കെ.എസ്.ഇ.ബി-യുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന സർക്കാർഫണ്ട് നാളിതുവരെയുള്ള പലിശസഹിതം തിരികെ ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ബി) കരിയാർ സ്പിൽവേ നിർമ്മാണം

കരിയാർ സ്പിൽവേ കം ബ്രിഡ്ജിന്റെ നിർമ്മാണത്തിനായി മുൻവർഷങ്ങളിൽ മൈനർ ഇറിഗേഷൻ വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് പഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതത്തിൽനിന്നും 2002-03 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്ട് നം.SO01/2003 പ്രകാരം 4,00,000/-കൈമാറിയിരുന്നു. എന്നാൽ സ്പിൽവേനിർമ്മാണത്തിന്റെ ചുമതല മൈനർ ഇറിഗേഷൻ വകുപ്പിൽനിന്നും തണ്ണീർമുക്കം കുട്ടനാട് ഡവലപ്പ്മെന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലേക്ക് മാറ്റുകയും 13-ാം ധനകാര്യക്കമ്മീഷൻ ഗ്രാന്റ് ഇൻ എയിഡ് പ്രോഗ്രാമിൽപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ കൈമാറിയിരുന്ന തുക ചെറുകിട ജലസേചനവിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ ഡെപ്പോസിറ്റ് അക്കൗണ്ടിൽ നിഷ്ക്രിയമായി അവശേഷിക്കുന്നത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് പരാമർശവും ഡെപ്പോസിറ്റ് തുക തിരികെ ലഭ്യമാക്കണമെന്ന വെച്ചൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷയും കണക്കിലെടുത്ത് തുക സ്ഥാപനങ്ങൾക്ക് തിരികെ നൽകാവുന്നതാണെന്ന് ജലസേചന വകുപ്പ് ഭരണവിഭാഗം ചീഫ് എൻജിനീയറുടെ കാര്യാലയം നിർദ്ദേശിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് 30.3.2015-ലെ എ2-1483/2005 നമ്പർ പ്രകാരം ചെറുകിട ജലസേചനവിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ ഉത്തരവായിട്ടുള്ളതുമാണ്. തുക തിരികെ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നുവെങ്കിലും നാളിതുവരെ ആയതിനുള്ള നടപടികൾ സ്വീകരിച്ചില്ല. തുക തുക തിരികെ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്നമുറയ്ക്ക് ഉചിതമായ ശീർഷകത്തിൽ സർക്കാരിലേക്ക് തിരിച്ചടച്ച് വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 28.09.2017 | 3,00,000 | ക്ഷീരകർഷകർക്ക് ഇൻസെന്റീവ് | 3,00,000 | 0 |
| | 28.9.2017 | 1,00,000 | പാലിയേറ്റീവ് കെയർ | 1,00,000 | 0 |
| | 11.10.2017 | 1,00,000 | അങ്കണവാടി പോഷകാഹാരം | 1,00,000 | 0 |
| | 24.10.2017 | 50,000 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50,000 | 0 |
| | 06.01.2018 | 2,00,000 | നെൽകർഷകർക്ക് കൂലിചെലവ് | 2,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | 09.01.2018 | 2,00,000 | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ | 200000 | 0 |
| | 15.01.2018 | 5,00,000 | നെൽകർഷകർക്ക് പെട്ടിയും പറയും | 5,00,000 | 0 |
| | 22.03.2018 | 50,000 | പച്ചക്കറിതൈ വിതരണം | 50,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പ്രോജക്ട് നമ്പർ 91/18 | 21701253 | 2,90,000 | - | 2,90,000 |
| കെ.എസ്.ഇ.ബി. | പ്രോജക്ട് നമ്പർ 90/18 | 21701227, 21701280 | 4,29,316 | - | 4,29,316 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

2017-18 വർഷം മരാമത്ത് പ്രവർത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വായ്പ തുകയുടെയും വിശദാംശം.

| ഉത്തരവ് നമ്പർ/തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ജി ഒ(ആർ.റ്റി)നം-823/2010/തസ്വഭവ, തീയതി-13.03.2010 | 1,02,90,263 | 21,55,486 | 12,60,000 | - | 8,95,486 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2016-17 | 3-4 | 13967 | റിജോമാത്യൂ, കല്ലറക്കൽ, ഉദയനാപുരം | 117020101635/01.11.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,36,95,118(മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58,129,686 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,04,212 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 85,000 | ശ്രീമതി ശ്യാമള, ഹെഡ്മിസ്ട്രസ് |
| 3-6 | 1,19,212 | ഡോ.സുഷാന്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 2,04,212 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(1)/2018/08.01.2018 | 3 |

| | | |
|---|---|---|
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(2)/2018/08.01.2018 | 5 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(3)/2018/08.01.2018 | 4 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(4)/2018/08.01.2018 | 13 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(5)/2018/08.01.2018 | 4 |
| 2009-2010 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)/32(6)/2018/08.01.2018 | 14 |
| 2010-2011 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)32(7)/2018/08.01.2018 | 5 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി6/(അദാ.18)32(8)/2018/08.01.2018 | 9 |
| 2012-13 | എൽ.എഫ്.കെ.പി6/1626/15/12.5.16 | 9 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി6/587/15/18.08.16 | 6 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി6/723/16/23.02.17 | 13 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി6/706/18/27.04.18 | 24 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി6/1268/17/29.12.17 | 17 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-കെ.ടി.എം.പി6/1961/2018 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 12.11.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തലയാഴം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം